**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 213

19.12.2012 ൽ മറുപടിക്ക്

ടൂറിസം മേഖലയുടെ വികസനത്തിനുവേണ്ടിയുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ആസൂത്രിതമായ രീതിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സീപ്ലെയിൻ പദ്ധതി നടപ്പിലാക്കും. പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ടും സാംസ്കാരിക പൈതൃകത്തിന് കോട്ടം തട്ടാതെയുമുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |
| ബി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ബി) വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനത്തിന് വേണ്ടി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ